


**പ്ലാച്ചിമട സമരം 2000 ദിവസങ്ങൾ പിന്നിട്ട ഒക്ടോബർ 13-ന് മലിനീകരണക്കോളകൾ തദ്ദേശീയർക്ക് നഷ്ടപരിഹാരം നൽകി നാടുവിടണമെന്നാവശ്യപ്പെട്ട് നടത്തുന്ന ദേശീയ പ്രചരണ പരിപാടിയുടെ ഭാഗമായി അവതരിപ്പിച്ചത്**

# കോള ബഹിഷ്ക്കരണ പ്രമേയം


**പാലക്കാട്** ജില്ലയിലെ പ്ലാച്ചിമടയിൽ താൽക്കാലികമായ് പ്രവർത്തനം നിർത്തിവയ്ക്കപ്പെട്ടിരിക്കുന്ന കൊക്കകോള ഫാക്ടറിയും കഞ്ചിക്കോട് ഇപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പെപ്സി ഫാക്ടറിയും അടക്കം രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചു വരുന്ന ബഹുരാഷ്ട്ര കോർപ്പറേറ്റ് കമ്പനികളുടെ ഉടമസ്ഥതയിലുള്ള ശീതള പാനീയ നിർമ്മാണ ശാലകളുടെ നാളിതുവരെയുള്ള പ്രവർത്തനാനുഭവങ്ങൾ വിലയിരുത്തികൊണ്ട് കോളകൾക്കെതിരായ ഒരു ദേശീയ പ്രചരണ പരിപാടിയ്ക്ക് തുടക്കം കുറിക്കപ്പെട്ടിരിക്കുന്നു.

കാഡ്മിയം, ലെഡ് തുടങ്ങിയ മാരക മാലിന്യങ്ങൾ പുറന്തള്ളുകയും വൻ തോതിൽ ഭൂഗർഭജലമൂറ്റുകയും ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമെന്ന് തെളിയിക്കപ്പെട്ടിട്ടുള്ള കൃത്രിമ പാനീയങ്ങൾ വൻതോതിൽ വിറ്റഴിച്ച് ജനസമ്പത്ത് കൊള്ളയടിക്കുകയും പ്രസ്തുത ലാഭം സാമ്രാജ്യത്വമൂലധനമായ് പരിവർത്തിപ്പിച്ച് രാജ്യത്തെ സാമ്പത്തിക ആശ്രിതത്വത്തിലേക്ക് നയിക്കുകയും നിയമവാഴ്ചയെ അട്ടിമറിച്ച് മനുഷ്യാന്തസ്സിന് ക്ഷതമേൽപ്പിക്കുകയും ചെയ്യുന്ന കൊക്കകോള-പെപ്സി കമ്പനികൾ ഈ ദേശീയ പ്രചരണ പരിപാടിയുടെ ഭാഗമായി തയ്യാറാക്കുന്ന കുറ്റപത്രത്തിൽ വിശദമാക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ തങ്ങൾ നടത്തിയിട്ടുള്ള സിവിൽ-ക്രിമിനൽ നിയമ ലംഘനങ്ങളും, ജനവഞ്ചനയും മാപ്പർഹിക്കുന്നവയല്ലെന്ന് തിരിച്ചറിഞ്ഞ് തദ്ദേശ വാസികൾക്ക് ഉചിതമായ നഷ്ടപരിഹാരം നൽകി നാടുവിടണമെന്ന് ഈ ജനകീയ കൂട്ടായ്മ ആവശ്യപ്പെടുന്നു.

ഒരു ജനകീയ പരമാധികാര രാഷ്ട്രമെന്ന നിലയിൽ ഭരണഘടനയുടെ 21 ാം വകുപ്പ് ഉറപ്പ് നൽകിയിട്ടുള്ള വെള്ളത്തിനും ആരോഗ്യപൂർണ്ണമായ ജീവിതത്തിനുമുള്ള ജനതയുടെ അവകാശങ്ങളെ ഈ കൂട്ടായ്മ ഉയർത്തി പിടിക്കുന്നു. തദ്ദേശീയ വിഭവങ്ങളുടെ സംരക്ഷണത്തിന് പ്രാദേശിക ജനതയ്ക്ക് നിയമ പരിരക്ഷയോടു കൂടിയ അധികാരം ലഭ്യമാക്കണമെന്ന തത്വം ഈ കൂട്ടായ്മ ശക്തിയുക്തം ഉന്നയിക്കുന്നു.

ഭരണഘടന ഉറപ്പ് നൽകുന്ന സ്വാഭാവിക നീതി തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഭൂഗർഭ ജലം ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനും മലിനീകരണ നിയന്ത്രണ നിയമപ്രകാരം ഭൂഗർഭജലവും, പൊതുജല സ്രോതസ്സുകളും കൃഷിയിടങ്ങളും മലിനീകരിക്കപ്പെടുന്നത് തടയുന്നതിനും മാരക മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം അതിനുത്തരവാദികളായവരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിനും ജനങ്ങൾക്ക് അവകാശമുള്ളതിനാൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾ തികച്ചും ന്യായയുക്തമാണെന്ന് ഈ കൂട്ടായ്മ പ്രഖ്യാപിക്കുന്നു. കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകുകയെന്ന ദേശീയജലനയത്തിന് കടകവിരുദ്ധമായി പ്ലാച്ചിമട, കഞ്ചിക്കോട് എന്നീ അതീവ വരൾച്ചാബാധിത പ്രദേശങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് കേരള സർക്കാർ പാസ്സാക്കിയിട്ടുള്ള 2002 ലെ ഭൂഗർഭജല നിയമത്തിന്റെ ലംഘനം കൂടിയാകയാൽ പ്രസ്തുത സ്ഥാപനങ്ങൾ അടിയന്തിരമായ് പ്രവർത്തനം അവസാനിപ്പിക്കണമെന്ന് ഈ കൂട്ടായ്മ ആവശ്യപ്പെടുന്നു.

മനുഷ്യാരോഗ്യത്തെ അപായപ്പെടുത്തുന്ന വിഷവസ്തുക്കൾ കോള-പെപ്സി പാനീയങ്ങളിൽ അടങ്ങിയിട്ടുണ്ട് എന്ന വസ്തുത ഡൽഹിയിലെ ശാസ്ത്ര-പരിസ്ഥിതി പഠനകേന്ദ്രം കണ്ടെത്തുകയുണ്ടായ്. കീടനാശിനികൾക്കു പുറമെ കഫീൻ, ഫോസ്ഫോറിക് ആസിഡ് എത്തിലീൻ ഗ്ലൈക്കോൾ, കാർബൺഡൈഓക്സൈഡ് തുടങ്ങിയ അത്യന്തം അപകടകരങ്ങളായ



ഫോട്ടോ : അശോക് മണലൂർ

നിയമപ്രകാരമല്ലാത്ത മുന്നറിയിപ്പ്

**കോളകൾ മാരകമായ വിഷമാണ്**
**ആരോഗ്യപരമായും, സാമ്പത്തികമായും രാഷ്ട്രീയമായും.**
**കോള കുടിയ്ക്കരുത്, വിൽക്കരുത്.**
**കോളകൾ ബഹിഷ്കരിക്കുക**

പദാർത്ഥങ്ങൾ കോളകളിൽ ചേർക്കുന്നതായ് കണ്ടെത്തിയിട്ടുണ്ട്. നിർമ്മാണ രഹസ്യവും ചേരുവകളും വെളിപ്പെടുത്തണമെന്നും ഉള്ളടക്കം കുപ്പികൾക്കു പുറത്ത് രേഖപ്പെടുത്തണമെന്നുമുള്ള രാജസ്ഥാൻ ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിനു പകരം നിയമവ്യവസ്ഥക്കു മേൽ ദുസ്വാധീനം ചെലുത്തി നിങ്ങൾ (കോളകമ്പനികൾ) അതിൽ നിന്നും ഒഴിഞ്ഞു മാറുകയാണ്.

മേൽപ്പറഞ്ഞ രൂപത്തിലുള്ള നിയമനിഷേധങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും പശ്ചാത്തലത്തിൽ കോള-പെപ്സി കമ്പനികൾ ഇന്ത്യവിട്ടു പോകണമെന്ന് ഈ കൂട്ടായ്മ ആവശ്യപ്പെടുന്നു. ബഹുരാഷ്ട്ര കോർപ്പറേറ്റ് കമ്പനികളുടെ ലാഭാർത്തികൾ ശമിപ്പിക്കുന്നതിനു വേണ്ടി ജനതയുടെ ആരോഗ്യവും അന്തസ്സും ബലികഴിക്കാനാവില്ലെന്ന് ഈ കൂട്ടായ്മ അസന്ദിഗ്ദമായ് പ്രഖ്യാപിക്കുന്നു.

തങ്ങളുടെ കിണറുകൾ മാരക മാലിന്യങ്ങളാൽ തീർത്തും ഉപയോഗശൂന്യമാക്കിയ, വളമെന്ന് തെറ്റിദ്ധരിപ്പിച്ച കാഡ്മിയം, ലെഡ് തുടങ്ങിയ മാരക മാലിന്യങ്ങളാൽ കൃഷിയിടങ്ങളും പൊതുജലസ്രോതസ്സുകളും മലീമസ്സമാക്കിയ, ഭൂഗർഭ ജലം വൻതോതിൽ ഊറ്റിഎടുത്ത് ജലക്ഷാമം സൃഷ്ടിച്ച കൊക്കകോള കമ്പനിക്കെതിരെ പ്ലാച്ചിമടയിലെ ആദിവാസികളും ദലിതരുമടങ്ങുന്ന തദ്ദേശിയ ജനത നടത്തിവരുന്ന പോരാട്ടം 2000 ദിവസം പിന്നിട്ടിട്ടും അവർ ഉന്നയിച്ച കാതലായ പ്രശ്നങ്ങൾക്കൊന്നും നാളിതുവരെ പരിഹാരം ഉണ്ടായിട്ടില്ലെന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ഉൽക്കണ്ഠ രേഖപ്പെടുത്തുന്നു. പ്ലാച്ചിമടയിലെയും കഞ്ചിക്കോട്ടയും ബഹുജന സമരങ്ങളോട് ഈ കൂട്ടായ്മ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. പ്ലാച്ചിമട സമരം 2000 ദിവസം പിന്നിടുന്ന ഒക്ടോബർ 13 മുതൽ കൊക്കകോളയുടേയും, പെപ്സിയുടേയും ഉൽപ്പന്നങ്ങൾ ബഹിഷ്ക്കരിക്കുന്നതിനും തുടർഘട്ടങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങളെ പൂർണ്ണമായും സാമൂഹികമായ് ബഹിഷ്ക്കരിക്കുന്നതിനും ജനങ്ങൾ നിർബന്ധിതരായി തീർന്നിരിക്കുന്നു എന്ന വസ്തുത ഇതിനാൽ അറിയിക്കുന്നു.

കൊക്കകോള-പെപ്സി കമ്പനികൾ നാടുവിടുന്നതുവരെ ഈ പ്രക്ഷോഭം തുടരുമെന്നും വേണ്ടി വന്നാൽ സാർവലൗകിക നീതി സംബന്ധിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിൽ ജനാധികാരം നടപ്പിലാക്കി കോളകമ്പനികളെ നാടുകടത്തുമെന്നും ഈ കൂട്ടായ്മ പ്രഖ്യാപിക്കുന്നു.




**പ്ലാച്ചിമട സമരത്തിന് സമർപ്പിച്ച ചിത്രം**

പ്രഥമ പ്രദർശനം 2007 ഒക്ടോബർ 12 ന് പ്ലാച്ചിമട സമരത്തിന്റെ 2000 ദിവസം നടന്നു.

കമലം ഫിലിംസിന്റെ

**ഒരിടത്തൊരു പുഴയുണ്ട്**

(ഫീച്ചർ ഫിലിം)

സംവിധാനം : കലവൂർ രവികുമാർ

ബന്ധങ്ങൾക്ക് : 9447186325

**കേരളീയം പുസ്തകശാല**

**പുസ്തകങ്ങൾ**

1. **ഇല്ലംനിറ** (കഥകൾ)
കെ.ആർ. ഇന്ദിര
2. **ചെന്നൈ വിശേഷവും കുറിപ്പുകളും**
ബിജു എസ്. ബാലൻ
3. **ജാഗ്രതയുടെ കാവൽമാടം**
കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത്
എഡിറ്റർ : കെ.ആർ. ഇന്ദിര
4. **മാർക്സിസത്തിനുശേഷം**
എഡിറ്റർ : ദിലീപ് രാജ്
5. **പ്ലാച്ചിമട : അനുഭവങ്ങൾ, പാഠിച്ചകൾ**
എഡിറ്റർ : ടി.ടി. ശ്രീകുമാർ
6. **കേരളീയം സൈക്കിൾ പുസ്തകം**

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 9388872845, 9447674375
keraleeyamtcr@rediffmail.com